പതിന്നാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1487 — 03/12/2018 ൽ മറുപടിക്ക്

## സ്വകാര്യ മേഖലക്ക് റീസർവ്വേ നടപടികളുടെ ചുമതല

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റോജി എം.ജോൺ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റീസർവ്വേ നടപടികളുടെ ചുമതല സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; | (എ) 10/05/2018 ലെ സ.ഉ (എം.എസ്സ്) 181/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് ഡിജിറ്റൽ സർവെ നടപ്പിലാക്കുന്നതിന് തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ റീസർവ്വേ നടപടികളുടെ ചുമതല നാളിതുവരെ സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) റീസർവ്വേ വിഭാഗത്തിൽ ജോലിചെയ്തിരുന്ന സർവ്വേയർമാരെ സർവ്വേ വിഭാഗത്തിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ടോ; | (ബി) എൽ.ആർ.എം വിഭാഗത്തിലെ അപേക്ഷകൾ തീർപ്പാക്കുന്നതിനായി താലൂക്കിലെ സ്ഥിരം സർവെയർമാരുടെ തസ്തികകൾ അപര്യാപ്തമായതിനാൽ കൂടുതലായി ആവശ്യമുള്ള സർവെ ജീവനക്കാരെ റീസർവെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും നൽകി വരുന്നു. ഇത് കൂടാതെ വിവിധ സ്പെഷ്യൽ സർവെ വർക്കുകളും റീസർവെ എസ്റ്റാബ്ലിഷ്മെന്റിലെ ജീവനക്കാരെ നിയോഗിച്ചാണ് നിർവ്വഹിച്ച് വരുന്നത്. |
| (സി) റീസർവ്വേ നടത്തുന്നതിന് സൗകര്യമുള്ള സ്വകാര്യ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് ടെൻഡർ നടപടികൾ ആരംഭിച്ചോ; എങ്കിൽ അവർക്ക് ഇക്കാര്യത്തിൽ വേണ്ട യോഗ്യതകൾ എന്തൊക്കെയാണ്; | (സി) റീസർവ്വേ നടത്തുന്നതിന് അംഗീകൃത സ്വകാര്യ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് ടെൻഡർ നടപടികൾ ആരംഭിച്ചിട്ടില്ല. ടി സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ വേണ്ട യോഗ്യതകൾ സംബന്ധിച്ച് തീരുമാനം ആയിട്ടില്ല. |

(ഡി) മൂന്നാറിൽ നടത്തിയ സ്വകാര്യ സർവ്വേ വിജയപ്രദമായിരുന്നോ;

(ഡി) സർവെയും ഭൂരേഖയും വകുപ്പിന്റെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിലെ മൂന്നാറിൽ സ്വകാര്യ സർവ്വേ ഏജൻസികളെ നിയോഗിച്ച് സർവെ നടത്തിയിട്ടില്ല. എന്നാൽ OP No.29673/2001 എന്ന കേസ്സിൽ ബഹു. കേരള ഹൈക്കോടതി, കണ്ണൻദേവൻ ഹിൽസിന്റെ സർവ്വെ, 1971 ലെ കണ്ണൻ ദേവൻ ഹിൽസ്(Resumption of Kerala) Act ലെ സെക്ഷൻ 6(1) പ്രകാരം ആറുമാസത്തിനകം പൂർത്തിയാക്കുന്നതിനായി ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ, 30.11.2006 ലെ സ.ഉ.(സാധാ.)നം..476/06/റവന്യൂ പ്രകാരം ഹൈദ്രാബാദിലെ NRSA എന്ന ഏജൻസിയെ പ്രസ്തുത സർവ്വേ ജോലികൾ ഏല്പിക്കുകയുണ്ടായി. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക പ്രദേശത്തിന്റെ സർവ്വെയ്ക്ക് വേണ്ടി മാത്രമായിട്ടാണ് ടി ഏജൻസിയെ ചുമതല ഏൽപ്പിച്ചിരുന്നത്.

(ഇ) ഭൂമിയുടെ അടിസ്ഥാന രേഖകൾ സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നത് സുരക്ഷിതമാകില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ദൂരീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

(ഇ) ഇല്ല. റീസർവെ പ്രവർത്തനങ്ങൾ കേന്ദ്രസംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികൾക്ക് നൽകുന്നതിന് 10/05/2018 ലെ സ.ഉ (എം.എസ്സ്) 181/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട് എങ്കിലും ഇതിനാവശ്യമായ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), അംഗീകൃത ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ ഡോക്യുമെന്റ് എന്നിവയൊന്നും, നാളിതുവരെ തയ്യാറാക്കിയിട്ടില്ലാത്തതാണ്. ഇപ്രകാരം അംഗീകൃത ഏജൻസികൾ നടത്തുന്ന സർവ്വെ സംബന്ധിച്ച വാലിഡേഷൻ ജോലികൾ സർവ്വെ വകുപ്പിലെ നിലവിലുള്ള ജീവനക്കാരാണ് നിർവ്വഹിക്കുന്നത്. ടി പ്രപ്പോസലുകൾ തയ്യാറാക്കുമ്പോൾ ഭൂരേഖകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ദുരുപയോഗം തടയുന്നതിനുമുള്ള പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ